"കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള)" എന്ന ഒരു സൊസൈറ്റി സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ ഇതിനകം രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സഹകരണ അക്കാഡമിക് വടകരയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ 10 എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളത്ത് ഒരു മെഡിക്കൽ കോളേജും തുടങ്ങുവാൻ പദ്ധതിയുണ്ട്.

(സി) ഇത് പരിശോധിക്കാവുന്നതാണ്.

29 (*59) റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിനായി റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റബ്ബറൈസേഷൻമൂലം റോഡ് ടാറിംഗിന് ചെലവ് കൂടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) റബ്ബറൈസേഷനിലൂടെ റോഡുകളുടെ ആയുർദൈർഘ്യം കൂടുമെന്നത് പരിഗണിച്ച് പ്രധാന റോഡുകളെല്ലാം റബ്ബറൈസ്ഡ് ചെയ്യുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(സി) റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുവാൻ കൊച്ചിൻ റിഫൈനറിയോടാവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഒരു സൂക്ഷ്മ മാതൃക (Phototype) ഇതിനകം കൊച്ചിൻ റിഫൈനറീസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങൾ നടത്തിവരികയാണ്.

(ഡി) ഉണ്ട്.

(ഇ) കേരളത്തിലെ പ്രധാന റോഡുകളെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ്ഡ് ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ പതിനഞ്ചായിരം ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഈവർഷംതന്നെ കൊച്ചിൻ റിഫൈനറിയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

30 (*60) 1999-2000-ൽ ആരംഭിക്കുന്ന പ്ലസ് ടു കോഴ്സുകൾ

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ആരിൽനിന്നെല്ലാം ലഭിച്ചിട്ടുണ്ട്;

(സി) ഈ അദ്ധ്യയനവർഷത്തിൽ പുതിയ പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കുന്നില്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) എത്ര വർഷംകൊണ്ട് കോളേജുകളിൽ നിന്നും പ്രീഡിഗ്രി പൂർണ്ണമായി വേർപെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിലേക്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കെ.ഇ.ആർ. പ്രകാരം പ്രവർത്തിക്കുന്ന അംഗീകൃത സ്കൂളുകളിൽ എന്തുകൊണ്ടാണ് പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കാത്തതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 1999-2000 അദ്ധ്യയനവർഷത്തിൽ പുതിയ സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അദ്ധ്യാപക നിയമനത്തെക്കുറിച്ച് സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. അദ്ധ്യാപക നിയമനത്തിന് തടസ്സം നേരിട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഉചിതമല്ല.

(ഡി) 2001 മദ്ധ്യത്തോടെ പ്രീഡിഗ്രി വേർപെടുത്തൽ പ്രക്രിയ പൂർത്തിയാകും.

(ഇ) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും മാത്രം പ്ളസ് ടൂ അനുവദിക്കാനാണ് ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (145) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂളുകളിലെ പ്രവേശനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരത്തോടെ നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂളുകളിൽ ടെയിലറിംഗ്, എംബ്രോയിഡറി, നീഡിൽവർക്ക് കോഴ്സുകളിലെ പ്രവേശനത്തിന് 75% പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലം പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനരംഗത്ത് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly